## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*241 18.07.2016 – ൽ മറുപടിക്ക്**

# ദേശീയപാത വികസനത്തിനുള്ള മാർഗ്ഗ രേഖകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. ദിവാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>,, കെ. രാജൻ** | **ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് എതെല്ലാം ദേശീയപാതകളാണ് വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് ; | എ) സംസ്ഥാനത്തെ പ്രധാന ദേശീയ പാതകളായ എൻ.എച്ച് 17 ഉം എൻ.എച്ച് 47 ഉം മറ്റ് ദേശീയ പാതകളായ, **എൻ.എച്ച് 49 - (ബോഡിമെട്ട - കുണ്ടന്നൂർ), എൻ. എച്ച് 208 (കൊല്ലം - കഴുതുരുട്ടി), എൻ.എച്ച് 212 (കോഴിക്കോട്-മുത്തങ്ങ), എൻ.എച്ച് 213 (കോഴിക്കോട്-പാലക്കാട്), എൻ. എച്ച് 220 (കൊല്ലം - കുമിളി), എൻ.എച്ച് 183 എ (ഭരണിക്കാവ് - പത്തനംതിട്ട - വണ്ടിപെരിയാർ), എൻ.എച്ച് 185 (അടിമാലി - പൈനാവ് - കുമിളി)** എന്നിവയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) എത്ര മീറ്റർ വീതിയിൽ ഈ പാതകൾ വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിനായി ഏന്തെങ്കിലും മാർഗ്ഗ രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) എൻ.എച്ച് 17, എൻ.എച്ച് 47 എന്നിവ 45 മീറ്റർ വീതിയിലും മറ്റ് ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട്ടു കൂടിയ 2 വരിപ്പാതയായി 18 മീറ്റർ വീതിയിലുമാണ് വികസിപ്പിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ. എച്ച്.47 ന്റെ വാളയാർ മുതൽ വടക്കുംചേരി വരെയും തൃശ്ശൂർ മുതൽ അരൂർ വരെയുമുള്ള ഭാഗങ്ങൾ 4 വരിപ്പാതയായി വികസിപ്പിച്ചിട്ടുണ്ട്. വടക്കുംചേരി മുതൽ തൃശ്ശൂർ വരെയും കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി |

വരെയുമുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുപ്പ് നടത്തു മ്പോൾ അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അലൈൻമെന്റിലുള്ള പരാതികൾ പരിശോധിച്ച് പുതിയ ഡി.പി.ആർ കൺസൾട്ടന്റിനു വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ നടപടി എടുത്തിട്ടുണ്ട്. ദേശീയപാതാ വികസന ത്തിന് കർണ്ണാടക അതിർത്തി മുതൽ വെങ്ങളം വരെയുള്ള ഭാഗത്തെ ഡി.പി.ആർ പുതുക്കുന്നതിനുള്ള നടപടി കൾ പുരോഗമിച്ചു വരുന്നു. വെങ്ങളം മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗ ത്തിന്റെ ഡി.പി.ആർ കൺസൾട്ടന്റിനെ തെരെഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ദേശീയപാതകൾ (എൻ.എച്ച്.49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220, എൻ.എച്ച് 183 എ, എൻ.എച്ച് 185 എന്നിവ) പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുവാനുള്ള ഡി.പി.ആർ, ഘട്ടംഘട്ടമായി കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതി യിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. ദേശീയപാത കൾ വികസിപ്പിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ്.

(സി) ഭൂമി നഷ്ടപ്പെടുന്നവർക്കായി പുതിയ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുമ്പോൾ കേന്ദ്രത്തിൽ നിലവിൽ വന്ന പുതിയ എൽ.എ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം ആയിരിക്കും

സ്ഥലത്തിന്റെ വില നിശ്ചയിക്കുന്നതും മറ്റ് നഷ്ടപരിഹാരം കണക്കാക്കുന്നതും. വ്യവസ്ഥകൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 26-32, 38, 105 ലും അനുബന്ധ ഷെഡ്യൂളുകളായ ഷെഡ്യൂൾ-1, ഷെഡ്യൂൾ - 2, ഷെഡ്യൂൾ - 3 ലും, ഉൾപ്പെടുത്തിയിരിക്കുന്നു. സ്ഥല വില നിശ്ചയിക്കുമ്പോൾ അടുത്ത പ്രദേശത്ത് രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ വിലയുടെ 2 മടങ്ങ് മുതൽ 4 മടങ്ങ് വരെ (സൊലേഷ്യം ഉൾപ്പെടെ) ലഭിക്കുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.

(ഡി) ദേശീയപാതകളുടെ വികസനത്തിനായി പ്രതീക്ഷിക്കുന്ന ചെലവും ഇതിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന സഹായവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(ഡി) ദേശീയപാതാ വികസനത്തിന്റെ പൂർണ്ണമായ ചെലവ് വഹിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇതിന്റെ ഡി.പി.ആർ പൂർത്തീകരിച്ചാൽ മാത്രമേ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന തുക അറിയാൻ കഴിയൂ.

സെക്ഷൻ ഓഫീസർ